# ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും

SBI card

**ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും - എസ്ബിഐ കോർപ്പറേറ്റ് കാർഡ് (വ്യക്തിഗത ബാധ്യതാ ഉപഭോക്താക്കൾക്ക് ബാധകം)**

**1. ഫീസുകളും ചാർജ്ജുകളും**

A . ചേരാനുള്ള ഫീസുകൾ, വാർഷിക ഫീസുകൾ, പുതുക്കൽ ഫീസുകൾ (ബാധകമാണെങ്കിൽ)

എസ്ബിഐ കോർപ്പറേറ്റ് കാർഡിൽ (എസ്ബിഐ കാർഡ്) ചേരുന്നതിനുള്ള ഫീസുകളും വാർഷിക ഫീസുകളും പുതുക്കൽ ഫീസുകളും ബാധകമാണ്. ഈ ഫീസുകൾ ഓരോ കോർപ്പറേറ്റിനും ഓരോ കാർഡ് ഉടമക്കും അത് പോലെ ഓരോ ഓഫറിനും വ്യത്യസ്തമാകാം. കോർപ്പറേറ്റ് കാർഡിനായി അപേക്ഷിക്കുന്ന സമയത്ത് ഇവ കോർപ്പറേറ്റിനെയും കാർഡ് ഉടമയെയും അറിയിക്കും. ബാധകമായതു പ്രകാരം ചേരുന്നതിനുള്ള ഫീസുകളും വാർഷിക ഫീസുകളും കാർഡ് ഉടമയുടെ അക്കൗണ്ടിൽ നിന്ന് നേരിട്ട് ഈടാക്കും, ഈടാക്കുന്ന മാസത്തെ കാർഡ് സ്റ്റേറ്റ്മെന്റിൽ അത് കാണിക്കുകയും ചെയ്യും.

B. ക്യാഷ് അഡ്വാൻസ് ഫീസുകൾ (ബാധകമെങ്കിൽ)

അടിയന്തിര ഘട്ടത്തിൽ ഇന്ത്യയിലെയോ വിദേശത്തെയോ എടിഎമ്മുകളിൽ /ക്യാഷ് പോയിന്റുകളിൽ നിന്ന് പണം എടുക്കാൻ കാർഡ് ഉടമക്ക് കാർഡ് ഉപയോഗിക്കാവുന്നതാണ്. അത്തരം എല്ലാ ചാർജ്ജുകൾക്കും ഒരു ഇടപാട് ഫീസ് ഈടാക്കുന്നതാണ്. അത് അടുത്ത സ്റ്റേറ്റ്മെന്റിൽ കാർഡ് ഉടമക്ക് ബില്ല് ചെയ്യുന്നതുമാണ്. ദേശീയ എസ്ബിഐ എടിഎമ്മുകളിൽ / ക്യാഷ് പോയിൻറുകളിൽ 2.5% അല്ലെങ്കിൽ 450 രൂപ വരെ - അതിൽ ഏതാണോ കൂടുതൽ അത്, മറ്റ് ദേശീയ എടിഎമ്മുകൾക്ക് 450 രൂപ വരെ അല്ലെങ്കിൽ 2.5% - അതിൽ ഏതാണോ കൂടുതൽ അത്, അന്താരാഷ്ട്ര എടിഎമ്മുകളിൽ 3% അല്ലെങ്കിൽ 450 രൂപ വരെ - അതിൽ ഏതാണോ കൂടുതൽ അത് ഇടപാട് ഫീസ് ആയി ഈടാക്കുന്നതാണ്. ഇടപാട് ഫീസ് എസ്ബിഐ കാർഡ്സ് & പേയ്മെൻറ് സർവീസസ് ലിമിറ്റഡിൻറെ (മുമ്പ് അറിയപ്പെട്ടിരുന്നത് എസ്ബിഐ കാർഡ്സ് & പേയ്മെൻറ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്) വിവേചനാധികാരത്തിൽ മാറ്റത്തിന് വിധേയമാണ്. എല്ലാ ക്യാഷ് അഡ്വാൻസുകൾക്കും പണം പിൻവലിച്ച തീയതി മുതൽ തീർപ്പാക്കുന്ന തീയതി വരേക്കും ഒരു സേവന നിരക്ക് ഉണ്ടായിരിക്കുന്നതാണ്. സേവന നിരക്ക് നിലവിൽ പ്രതിമാസം 3.35% വരെയാണ് [പ്രതിവർഷം 40.2%], ഇത് എസ്ബിഐസിപിഎസ്എല്ലിൻറെ വിവേചനാധികാരത്തിൽ മാറ്റത്തിന് വിധേയവുമാണ്.

C. ക്യാഷ് പേയ്മെൻറ് ഫീസുകൾ

കാർഡ് ഉടമക്ക് ഏതെങ്കിലും എസ്ബിഐ ശാഖയിൽ ചെന്ന് പേ- ഇൻ- സ്ലിപ്പിൽ കോർപ്പറേറ്റ് കാർഡ് നമ്പറും തുകയും സൂചിപ്പിച്ച് ശാഖാ കൗണ്ടറിൽ നിക്ഷേപിക്കുന്നതിലൂടെ എസ്ബിഐ കാർഡ് തിരിച്ചടവു തുക അടക്കാവുന്നതാണ്. നിങ്ങളുടെ ബിൽ അടച്ചുകഴിയുമ്പോൾ പേയ്മെന്റ് കൈപ്പറ്റിയതിന്റെ ഒരു തൽക്ഷണ രസീത് നൽകും. ഈ സേവനം 100 രൂപ + ബാധകമായ നികുതികൾക്ക് ലഭ്യമാണ്.

D. ചാർജ്ജുകൾ

i . കാർഡ് ഉടമകൾക്ക് എസ്ബിഐസിപിഎസ്എൽ നൽകുന്ന നിർദ്ദിഷ്ട സേവനങ്ങൾക്കായി അല്ലെങ്കിൽ തന്റെ കാർഡ് അക്കൗണ്ടുമായി ബന്ധപ്പെട്ട് കാർഡ് ഉടമ വരുത്തുന്ന വീഴ്ചകൾക്കായി കാർഡ് ഉടമകൾ കാലാകാലങ്ങളിൽ

ബാധകമായേക്കാവുന്ന ചാർജ്ജുകളും ഫീസുകളും നൽകേണ്ടതാണ്

ii. കാർഡ് ഉടമകളെ അറിയിച്ചുകൊണ്ട്, കാലാകാലങ്ങളിൽ ഏതെങ്കിലും ചാർജ്ജുകളോ ഫീസുകളോ മാറ്റുന്നതിനോ അല്ലെങ്കിൽ ഉചിതമെന്ന് തോന്നുന്ന ഏതെങ്കിലും പുതിയ ചാർജ്ജുകളോ ഫീസുകളോ അവതരിപ്പിക്കുന്നതിനോ ഉള്ള അവകാശം എസ്ബിഐസിപിഎസ്എൽ നിലനിർത്തുന്നു.

E. പലിശ രഹിത ഗ്രേസ് കാലയളവ്

വ്യാപാരി സമർപ്പിക്കുന്ന ക്ലെയിമുകൾക്ക് വിധേയമായി പലിശരഹിത ക്രെഡിറ്റ് കാലയളവ് 20 മുതൽ 50 ദിവസം വരെ ആകാം. എന്നിരുന്നാലും, കഴിഞ്ഞ മാസത്തെ ബാലൻസ് പൂർണ്ണമായി ക്ലിയർ ചെയ്തിട്ടില്ലെങ്കിൽ, അല്ലെങ്കിൽ കാർഡ് ഉടമ ഏതെങ്കിലും എടിഎം/ക്യാഷ് പോയിന്റിൽ നിന്ന് പണം എടുത്തിട്ടുണ്ടെങ്കിൽ ഇത് ബാധകമല്ല.

F. സാമ്പത്തിക ചാർജ്ജുകൾ (സേവന ചാർജ്ജുകൾ)

കാർഡ് ഉടമ തന്റെ ബാലൻസ് പൂർണ്ണമായി അടയ്ക്കേണ്ടതില്ലെന്ന് തീരുമാനിച്ചാൽ, ഇടപാട് തീയതി മുതൽ എല്ലാ ഇടപാടുകൾക്കും, കാർഡ് ഉടമ എടുത്ത എല്ലാ ക്യാഷ് അഡ്വാൻസുകൾക്കും അവ തിരിച്ചടക്കുന്നത് വരെ മാസാന്ത ശതമാന നിരക്കിൽ സാമ്പത്തിക ചാർജ്ജുകൾ അടയ്ക്കേണ്ടിവരും.

കോർപ്പറേറ്റോ കാർഡ് ഉടമയോ പേയ്മെന്റ് അടയ്ക്കേണ്ട അവസാന തീയതിക്ക് (PDD) മുമ്പ് അടയ്ക്കേണ്ട മൊത്തം തുക (TAD) അടയ്ക്കാതിരിക്കുകയോ ഭാഗികമായി അടയ്ക്കുകയോ ചെയ്താൽ; ഉപഭോക്താവിന് മുമ്പത്തെ മാസത്തിൽ നിന്നും നിലവിലെ മാസത്തിലും കുടിശ്ശിക ബാലൻസ് ഉണ്ട്, അടയ്ക്കേണ്ട മൊത്തം തുകയുടെ പൂർണ്ണ പേയ്മെന്റ് അടയ്ക്കേണ്ട അവസാന തീയതിക്ക് മുമ്പായി നടത്തുകയും ചെയ്താൽ, സാമ്പത്തിക ചാർജ്ജുകൾ ക്ലോസിംഗ് ബാലൻസിന്മേൽ പേയ്മെന്റ് തീയതി വരെ ചുമത്തും.

കാർഡ് പലിശ നിരക്ക് ചലനാത്മകമാണ്, അത് കാർഡ് ഉടമയുടെ ഉപയോഗവും പേയ്മെന്റ് പാറ്റേണുകളും അടിസ്ഥാനമാക്കിയായിരിക്കും, അത് ആനുകാലിക അവലോകനത്തിന് വിധേയവുമാണ്. സാമ്പത്തിക ചാർജ്ജുകളുടെ നിരക്ക് ഇടപാട് തീയതി മുതൽ പ്രതിമാസം പരമാവധി 3.35% (പ്രതിവർഷം 40.2%) വരെ വർദ്ധിക്കാം, ഇത് എസ്ബിഐസിപിഎസ്എല്ലിന്റെ വിവേചനാധികാരത്തിൽ മാറ്റത്തിനു വിധേയവുമാണ്. സാമ്പത്തിക ചാർജ്ജുകൾ, അടയ്ക്കേണ്ടവയാണെങ്കിൽ, ബാധകമായ നികുതികൾ നൽകുന്നതിന് വിധേയമാണ്, കാർഡിലെ കുടിശ്ശിക പൂർണ്ണമായി അടയ്ക്കുന്നതുവരെ കാർഡ് ഉടമയുടെ അക്കൗണ്ടിൽ നിന്ന് അത് ഡെബിറ്റ് ചെയ്യും. കാർഡ് ഉടമ തന്റെ ബാലൻസ് പേയ്മെന്റ് അടയ്ക്കേണ്ട അവസാന തീയതിക്കുള്ളിൽ പൂർണ്ണമായി അടയ്ക്കേണ്ടതില്ലെന്ന് തീരുമാനിച്ചാൽ, ഇടപാട് തീയതി മുതൽ എല്ലാ ഇടപാടുകൾക്കും, കാർഡ് ഉടമ എടുത്ത എല്ലാ ക്യാഷ് അഡ്വാൻസുകൾക്കും, എല്ലാ ഇടപാടുകളിലും ചുമത്തുന്ന കുറഞ്ഞ സാമ്പത്തിക ചാർജ് തുക ബാധകമായ നികുതികൾക്ക് പുറമെ 25 രൂപയായിരിക്കും.

a) ക്യാഷ് അഡ്വാൻസുകളിലുള്ള സാമ്പത്തിക ചാർജ്ജുകൾ (ബാധകമാണെങ്കിൽ) ഇടപാട് തീയതി മുതൽ പേയ്മെന്റ് പൂർണ്ണമായി ചെയ്യുന്നത് വരെ ബാധകമാണ്

**ഉദാഹരണം 1** കാർഡ് സ്റ്റേറ്റ്മെന്റ് തീയതി - ഓരോ മാസവും 2-ന്

2017 മാർച്ച് 3-നും 2017 ഏപ്രിൽ 2-നും ഇടയിൽ നടത്തിയ ഇടപാടുകൾ ഇപ്രകാരമാണ്:

1. 5000 രൂപയുടെ ചില്ലറ വാങ്ങൽ - 2017 മാർച്ച് 10-ന്
2. 7000 രൂപയുടെ ക്യാഷ് പിൻവലിക്കൽ (ബാധകമാണെങ്കിൽ) - 2017 മാർച്ച് 30-ന്

2017 മാർച്ച് 2-ലെ സ്റ്റേറ്റ്മെന്റിൽ നിന്ന് മുമ്പത്തെ ബാലൻസ് ഒന്നും തുടർന്നിട്ടില്ലെന്ന് കരുതുക, എങ്കിൽ ഇടപാടുകളുടെ 12,000 രൂപയും 7,000 രൂപ ക്യാഷ് പിൻവലിക്കലിന് ബാധകമായ നിരക്കിലുള്ള 3 ദിവസത്തെ സാമ്പത്തിക ചാർജ്ജുകളും കാണിക്കുന്ന 2017 ഏപ്രിൽ 2-ലെ സ്റ്റേറ്റ്മെന്റ് കാർഡ് ഉടമക്ക് ലഭിക്കും. കാർഡ് ഉടമ 2017 ഏപ്രിൽ 22 അഥവാ സ്റ്റേറ്റ്മെന്റ് തീയതിയിൽ നിന്ന് 20 ദിവസത്തിനകം, കുടിശ്ശികയുടെ പേയ്മെന്റ് നടത്തേണ്ടതുണ്ട്. ഒരു കാർഡ് ഉടമയുടെ എസ്ബിഐ കോർപ്പറേറ്റ് കാർഡ് അക്കൗണ്ടിനുള്ള എല്ലാ പേയ്മെന്റുകളും പേയ്മെന്റ് നടത്തേണ്ട അവസാന തീയതിയോടെ പൂർണ്ണമായും (അടയ്ക്കേണ്ട മൊത്തം തുക) തീർപ്പാക്കണമെന്ന് ശ്രദ്ധിക്കുക. പേയ്മെന്റ് ആദ്യം ക്ലിയർ ചെയ്യുക നികുതികളിലായിരിക്കും, പിന്നീട് ഫീസുകളും മറ്റു ചാർജ്ജുകളും, പലിശ ചാർജ്ജുകൾ, ചില്ലറ കുടിശ്ശിക ഒപ്പം അവസാനമായി ക്യാഷ് ബാലൻസ് (എന്തെങ്കിലും ഉണ്ടെങ്കിൽ).

a) മുമ്പത്തെ സ്റ്റേറ്റ്മെന്റിൽ നിന്ന് മുമ്പത്തെ ഏതെങ്കിലും ബാലൻസ് തുടർന്നുവരുന്ന സാഹചര്യത്തിൽ, സാമ്പത്തിക ചാർജ്ജുകൾ മുമ്പത്തെ സ്റ്റേറ്റ്മെന്റ് തീയതിയിൽ നിന്ന് ചുമത്തും (പലിശ രഹിത കുടിശ്ശിക ചില്ലറ ബാലൻസ് ചുമത്തിയ സാഹചര്യത്തിൽ ഒഴികെ, ഇതിൽ സാമ്പത്തിക ചാർജ് ഇടപാട് തീയതി മുതലാണ് ചുമത്തുക).

b ) സ്റ്റേറ്റ്മെന്റ് കുടിശ്ശികയിൽ ക്യാഷ് ബാലൻസ് ഇല്ലാതിരിക്കുകയും മുമ്പത്തെ സ്റ്റേറ്റ്മെന്റിൽ നിന്ന് ബാലൻസ് ഒന്നും വരാതിരിക്കുകയും സ്റ്റേറ്റ്മെന്റ് തീയതിയിലെ ചില്ലറ ബാലൻസ് കുടിശ്ശിക പേയ്മെന്റ് അവസാന തീയതിക്കുള്ളിൽ പൂർണ്ണമായി അടയ്ക്കുകയും ചെയ്താൽ, ഇത്തരം ബാലൻസുകൾക്ക് സാമ്പത്തിക ചാർജ്ജുകളൊന്നും ചുമത്തുകയില്ല.

**ഉദാഹരണം 2 -** കാർഡ് സ്റ്റേറ്റ്മെന്റ് തീയതി - ഓരോ മാസവും 2-ന്.

2017 ജനുവരി 3-നും 2017 ഫെബ്രുവരി 2-നും ഇടയിൽ നടത്തിയ ഇടപാടുകൾ ഇപ്രകാരമാണ്:

1. 10000 രൂപയുടെ ചില്ലറ വാങ്ങൽ 2017 ജനുവരി 5-ന്
2. 30000 രൂപയുടെ ഓൺലൈൻ വാങ്ങൽ - 2017 ജനുവരി 15-ന്

2017 ജനുവരി 2 സ്റ്റേറ്റ്മെന്റിൽ നിന്നുള്ള മുമ്പത്തെ ബാലൻസ് ഒന്നും തുടർന്ന് വന്നിട്ടില്ലെന്ന് കരുതുക, കാർഡ് ഉടമയ്ക്ക് 40,000 രൂപയുടെ ഇടപാടുകൾ കാണിക്കുന്ന 2017 ഫെബ്രുവരി 2-ലെ സ്റ്റേറ്റ്മെന്റ് ലഭിക്കും. കാർഡ് ഉടമ 2017 ഫെബ്രുവരി 22 അഥവാ സ്റ്റേറ്റ്മെന്റ് തീയതിയിൽ നിന്ന് 20 ദിവസത്തിനകം, കുടിശ്ശികയുടെ പേയ്മെന്റ് നടത്തേണ്ടതുണ്ട്. ഒരു കാർഡ് ഉടമയുടെ എസ്ബിഐ കോർപ്പറേറ്റ് കാർഡ് അക്കൗണ്ടിനുള്ള എല്ലാ പേയ്മെന്റുകളും പേയ്മെന്റ് നടത്തേണ്ട അവസാന തീയതിയോടെ പൂർണ്ണമായും (അടയ്ക്കേണ്ട മൊത്തം തുക) തീർപ്പാക്കണമെന്ന് ശ്രദ്ധിക്കുക. പേയ്മെന്റ് ആദ്യം ക്ലിയർ ചെയ്യുക നികുതികളിലായിരിക്കും, പിന്നീട് ഫീസുകളും മറ്റു ചാർജ്ജുകളും, പലിശ ചാർജ്ജുകൾ, ചില്ലറ കുടിശ്ശിക ഒപ്പം അവസാനമായി ക്യാഷ് ബാലൻസ് (എന്തെങ്കിലും ഉണ്ടെങ്കിൽ). മുമ്പത്തെ സ്റ്റേറ്റ്മെന്റിൽ നിന്ന് മുമ്പത്തെ ഏതെങ്കിലും ബാലൻസ് തുടർന്നുവരുന്ന സാഹചര്യത്തിൽ, സാമ്പത്തിക ചാർജ്ജുകൾ മുമ്പത്തെ സ്റ്റേറ്റ്മെന്റ് തീയതിയിൽ നിന്ന് ചുമത്തും (പലിശ രഹിത കുടിശ്ശിക ചില്ലറ ബാലൻസ് ചുമത്തിയ സാഹചര്യത്തിൽ ഒഴികെ, ഇതിൽ സാമ്പത്തിക ചാർജ് ഇടപാട് തീയതി മുതലാണ് ചുമത്തുക).

**എല്ലാ മാസവും മിനിമം പേയ്മെന്റ് മാത്രം നടത്തിയാൽ തിരിച്ചടവ് വർഷങ്ങളോളം നീണ്ടുനിൽക്കും, തത്ഫലമായി നിങ്ങളുടെ കുടിശ്ശിക ബാലൻസിന് പലിശ**

അടച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടിവരും.

**ഉദാഹരണം 3:** കാർഡ് സ്റ്റേറ്റ്മെന്റ് തീയതി - ഓരോ മാസവും 2-ന്.

2016 ഡിസംബർ 3-നും 2017 ജനുവരി 2-നും ഇടയിൽ നടത്തിയ ഇടപാടുകൾ

1. 500 രൂപയുടെ ചില്ലറ വാങ്ങൽ - 2016 ഡിസംബർ 15-ന്

2. 600 രൂപയുടെ ഓൺലൈൻ വാങ്ങൽ - 2016 ഡിസംബർ 20-ന്

2016 ഡിസംബർ 2 സ്റ്റേറ്റ്മെന്റിൽ നിന്നുള്ള മുമ്പത്തെ ബാലൻസ് ഒന്നും തുടർന്ന് വന്നിട്ടില്ലെന്ന് കരുതുക, കാർഡ് ഉടമയ്ക്ക് 1100 രൂപയുടെ ഇടപാടുകൾ കാണിക്കുന്ന 2017 ജനുവരി 2-ലെ സ്റ്റേറ്റ്മെന്റ് ലഭിക്കും, അടയ്ക്കേണ്ട മൊത്തം തുക 1100 രൂപ. കാർഡ് ഉടമ 2017 ജനുവരി 22 അഥവാ സ്റ്റേറ്റ്മെന്റ് തീയതിയിൽ നിന്ന് 20 ദിവസത്തിനകം, കുടിശ്ശികയുടെ പേയ്മെന്റ് നടത്തേണ്ടതുണ്ട്.

2017 ജനുവരി 22-ന്, കാർഡ് ഉടമ 500 രൂപയുടെ ഭാഗിക പേയ്മെന്റ് നടത്തുന്നുവെന്ന് കരുതുക, സാമ്പത്തിക ചാർജ്ജുകൾ യഥാർത്ഥ നിരക്കിൽ ചുമത്തുകയും മൊത്തം കുടിശ്ശികയിലേക്ക് ചേർക്കുകയും ചെയ്യും.

യഥാർത്ഥ നിരക്ക് മാസത്തിൽ 3.35% ആയി കണക്കാക്കുക,

സാമ്പത്തിക ചാർജ് കണക്കുകൂട്ടൽ ഇനിപ്പറയുന്ന രീതിയിൽ ആയിരിക്കും:

39 ദിവസത്തേക്കുള്ള 500 രൂപ ബാലൻസിന്മേൽ (ഡിസംബർ 15 മുതൽ ജനുവരി 22 വരെ): (3.35*12) * (39/365) *500/100 = 21.48 രൂപ

34 ദിവസത്തേക്കുള്ള 600 രൂപ ബാലൻസിന്മേൽ (ഡിസംബർ 20 മുതൽ ജനുവരി 22 വരെ): (3.35*12) * (34/365) *600/100 = 22.47 രൂപ

10 ദിവസത്തേക്കുള്ള 600 രൂപ ബാലൻസിന്മേൽ (ജനുവരി 22 മുതൽ ഫെബ്രുവരി 2 വരെ): (3.35*12) * (10/365) *600/100 = 6.61 രൂപ

ഈടാക്കിയ മൊത്തം പലിശ = 50.56 രൂപ

2017 ഫെബ്രുവരി 3-നും 2017 മാർച്ച് 2-നും ഇടയിൽ നടത്തിയ ഇടപാടുകൾ

1. 650.56 രൂപയുടെ തുടക്ക ബാലൻസ് – 2017 ഫെബ്രുവരി 3-ന്

2. 1000 രൂപയുടെ ചില്ലറ വാങ്ങൽ – 2017 ഫെബ്രുവരി 5-ന്

3. 3000 രൂപയുടെ ഓൺലൈൻ വാങ്ങൽ – 2017 ഫെബ്രുവരി 15-ന്

2017 ഫെബ്രുവരി 2 സ്റ്റേറ്റ്മെന്റിൽ നിന്ന് 650.46 രൂപയുടെ മുമ്പത്തെ ബാലൻസ് തുടർന്നു വരുന്നുവെന്ന് കരുതുക, കാർഡ് ഉടമ 2017 ഫെബ്രുവരി 22 അഥവാ സ്റ്റേറ്റ്മെന്റ് തീയതിയിൽ നിന്ന് 20 ദിവസത്തിനകം, കുടിശ്ശികയുടെ പേയ്മെന്റ് നടത്തേണ്ടതുണ്ട്.

കാർഡ് ഉടമ ഫെബ്രുവരി 15-നകം പേയ്മെന്റ് പൂർണ്ണമായും ചെയ്തുവെന്ന് കരുതുക, അഥവാ പേയ്മെന്റ് നടത്തേണ്ട അവസാന തീയതിക്കകം. യഥാർത്ഥ നിരക്ക് മാസത്തിൽ 3.35% ആയി കണക്കാക്കുക, സാമ്പത്തിക ചാർജ് കണക്കുകൂട്ടൽ ഇനിപ്പറയുന്ന രീതിയിൽ ആയിരിക്കും:

12 ദിവസത്തേക്കുള്ള 650.56 രൂപ ബാലൻസിന്മേൽ (ഫെബ്രുവരി 3 മുതൽ ഫെബ്രുവരി 15 വരെ):

(3.35*12) *(12/365) * 650.56/100 = 8.60 രൂപ

ഈടാക്കിയ മൊത്തം പലിശ = 8.60 രൂപ

കുടിശ്ശികയുള്ള വാങ്ങൽ തുക, പലിശ ചാർജ്ജുകൾ, ഫീസുകളും ചാർജ്ജുകളും, എന്തെങ്കിലും ഉണ്ടെങ്കിൽ, ബാധകമായ എല്ലാ നികുതികളും എന്നിവയുടെ ആകെത്തുക മാർച്ച് 2 തീയതിയിലെ സ്റ്റേറ്റ്മെന്റിൽ മൊത്തം അടയ്ക്കേണ്ട തുകയായി പ്രതിഫലിക്കും.

**G. വൈകിയുള്ള പേയ്മെന്റിന്റെ ചാർജ്ജുകൾ**

**പേയ്മെന്റ് ചെയ്യേണ്ട അവസാന തീയതിയോടെ അടയ്ക്കേണ്ട മൊത്തം തുക അടച്ചില്ലെങ്കിൽ വൈകിയുള്ള പേയ്മെന്റ് ചാർജ്ജുകൾ ബാധകമാകും.**

**0 രൂപ-200 രൂപ വരെയുള്ള ആകെ അടയ്ക്കേണ്ട തുകയ്ക്ക് ചാർജ്ജില്ല;**

**200 രൂപക്ക് മുകളിൽ 500 രൂപ വരെയുള്ള ആകെ അടയ്ക്കേണ്ട തുകക്ക് 100 രൂപ;**

**500 രൂപക്ക് മുകളിൽ 1000 രൂപ വരെയുള്ള ആകെ അടയ്ക്കേണ്ട തുകക്ക് 400 രൂപ;**

**1000 രൂപക്ക് മുകളിൽ 10,000 രൂപ വരെയുള്ള ആകെ അടയ്ക്കേണ്ട തുകക്ക് 500 രൂപ;**

**10,000 രൂപക്ക് മുകളിൽ ആകെ അടയ്ക്കേണ്ട തുകക്ക് 750 രൂപ;**

**ഉദാഹരണം 1** കാർഡ് സ്റ്റേറ്റ്മെന്റ് തീയതി - ഓരോ മാസവും 2-ന്.

2017 ഫെബ്രുവരി 3 - നും 2017 മാർച്ച് 2 - നും ഇടയിൽ നടത്തിയ ഇടപാടുകൾ ഇപ്രകാരമാണ്:

1. 2000 രൂപയുടെ ചില്ലറ വാങ്ങൽ - 2017 ഫെബ്രുവരി 8-ന്
2. 2500 രൂപയുടെ ഓൺലൈൻ വാങ്ങൽ - 2017 ഫെബ്രുവരി 19-ന്

2017 ഫെബ്രുവരി 2 - ലെ സ്റ്റേറ്റ്മെന്റിൽ നിന്ന് മുമ്പത്തെ ബാലൻസ് ഒന്നും തുടർന്നിട്ടില്ലെന്ന് കരുതുക, എങ്കിൽ 4500 രൂപയുടെ ഇടപാടുകൾ കാണിക്കുന്ന 2017 മാർച്ച് 2-ലെ സ്റ്റേറ്റ്മെന്റ് കാർഡ് ഉടമക്ക് ലഭിക്കും. കാർഡ് ഉടമ 2017 മാർച്ച് 22 അഥവാ സ്റ്റേറ്റ്മെന്റ് തീയതിയിൽ നിന്ന് 20 ദിവസത്തിനകം, കുടിശ്ശികയുടെ പേയ്മെന്റ് നടത്തേണ്ടതുണ്ട്. കാർഡ് ഉടമ പേയ്മെന്റ് ചെയ്യേണ്ട അവസാന തീയതിക്കകം മുഴുവനായുള്ള പേയ്മെന്റ് നടത്തുന്നില്ലെങ്കിൽ (അഥവാ അടയ്ക്കേണ്ട മൊത്തം തുക), 500 രൂപയുടെ ഒരു വൈകിയുള്ള പേയ്മെന്റ് ചാർജ് ഈടാക്കും (1001 രൂപ മുതൽ 10,000 രൂപ വരെയുള്ള മൊത്തം അടയ്ക്കേണ്ട തുകക്ക് 500 രൂപ).

H. ഓവർ ലിമിറ്റ് ചാർജ്ജുകൾ - കോർപ്പറേറ്റ് കാർഡുകൾക്ക് ബാധകമല്ല

I. പേയ്മെന്റ് മടക്ക ഫീസ്

പേയ്മെന്റ് മടക്ക സാഹചര്യങ്ങളിൽ കോർപ്പറേറ്റ് കാർഡ് ഉടമയ്ക്ക് പേയ്മെന്റ് തുകയുടെ 2% പേയ്മെന്റ് മടക്ക ഫീസ് ചാർജ്ജ് ചെയ്യും, കുറഞ്ഞ ചാർജ് 350 രൂപയാണ്.

J. മറ്റ് ചാർജ്ജുകൾ (ബാധകമാണെങ്കിൽ):

· കാർഡ് റീപ്ലേസ്മെന്റ് ഫീസ്: 100/- രൂപ – 250/- രൂപ

· ചെക്ക് ഫീസ്: 100 രൂപ (2000 രൂപ വരെയുള്ള ചെക്ക് വഴി നടത്തിയ പേയ്മെന്റുകൾ)

· ചെക്ക് പിക്കപ്പ് ഫീസ്: 90/- രൂപ

· സ്റ്റേറ്റ്മെന്റ് വീണ്ടെടുക്കൽ ഫീസ്: ഒന്നുമില്ല

· വിദേശ കറൻസി ഇടപാട് ഫീസ്: 3.5% വരെ വിദേശ കറൻസി ഇടപാട് ഇന്ത്യൻ രൂപയിലേക്ക് മാറ്റാൻ ഉപയോഗിക്കുന്ന വിനിമയ നിരക്ക് വിസാ/ മാസ്റ്റർകാർഡ് നിർണ്ണയിക്കും, സാഹചര്യമനുസരിച്ച്, എസ്ബിഐ കാർഡുമായി ഇടപാട് തീർപ്പാക്കിയ ഇടപാട് തീയതിയിൽ അവർ നിയന്ത്രിക്കുന്ന വിനിമയ നിരക്കുകൾ അടിസ്ഥാനമാക്കിയായിരിക്കും അത്, ഇടപാട് നടത്തിയ അതേ തീയതി തന്നെയായിരിക്കണമെന്നില്ല. വിസ/മാസ്റ്റർകാർഡ് പങ്കിട്ട, ഇന്ത്യൻ രൂപയാക്കി മാറ്റിയ തുകയിൽ വിദേശ കറൻസി ഇടപാട് ഫീസ് ബാധകമാകും.

## 2. പരിധികൾ

കോർപ്പറേറ്റ് കാർഡ് പ്രോഗ്രാം മാനേജറിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണ് കാർഡ് ഉടമകൾക്ക് ക്രെഡിറ്റ് പരിധിയും ക്യാഷ് പരിധിയും (ബാധകമാണെങ്കിൽ) നിശ്ചയിച്ചിട്ടുള്ളത്. കാർഡ് ഡെലിവറി സമയത്ത് ഈ പരിധികൾ കാർഡ് ഉടമയെ അറിയിക്കും. ക്രെഡിറ്റ് പരിധിയും ക്യാഷ് പരിധിയും (ബാധകമാണെങ്കിൽ) കാർഡ് ഉടമയെ എല്ലാ സ്റ്റേറ്റ്മെന്റിലും അറിയിക്കും. സ്റ്റേറ്റ്മെന്റ് പുറപ്പെടുവിപ്പിച്ച സമയത്ത് ലഭ്യമായ ക്രെഡിറ്റ് പരിധി (അതായത് ഉപയോഗത്തിന് ലഭ്യമായ ക്രെഡിറ്റ് പരിധി) സ്റ്റേറ്റ്മെന്റിന്റെ ഭാഗമായി നൽകുന്നതാണ്.

കോർപ്പറേറ്റ് ലെവൽ പരിധി എസ്ബിഐസിപിഎസ്എൽ ആനുകാലികമായി അവലോകനം ചെയ്യുന്നതും അവ ആഭ്യന്തര മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയോ കോർപ്പറേറ്റ് കാർഡ് പ്രോഗ്രാം മാനേജറിൽ നിന്ന് ലഭിച്ച അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലോ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നതുമാണ്. അത്തരം ഏതൊരു മാറ്റവും കാർഡ് ഉടമകളുടെ പരിധിയെയും ബാധിച്ചേക്കാം. ഇത് കോർപ്പറേറ്റ് കാർഡ് പ്രോഗ്രാം മാനേജരെ അറിയിക്കുന്നതായിരിക്കും, അവർക്ക് ഈ വിവരങ്ങൾ ബന്ധപ്പെട്ട കാർഡ് ഉടമകളെ അറിയിക്കാൻ കഴിയും. ക്രെഡിറ്റ് പരിധി ഉയർത്തണമെന്ന് ആവശ്യമുള്ള ക്രെഡിറ്റ് ഉടമകൾ എസ്ബിഐസിപിഎസ്എല്ലിനോട് എഴുതി ആവശ്യപ്പെടുകയും വരുമാനം പ്രസ്താവിക്കുന്ന സാമ്പത്തിക രേഖകൾ നൽകേണ്ടതുമാണ്. ലഭിച്ച അഭ്യർത്ഥനയെയും കോർപ്പറേറ്റ് കാർഡ് പ്രോഗ്രാം മാനേജരുടെ അംഗീകാരത്തെയും അടിസ്ഥാനമാക്കി എസ്ബിഐസിപിഎസ്എൽ അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ കാർഡ് ഉടമയുടെ ക്രെഡിറ്റ് പരിധി വർദ്ധിപ്പിച്ചേക്കാം.

## 3. ബില്ലിംഗും സ്റ്റേറ്റ്മെന്റും

a) അവസാന സ്റ്റേറ്റ്മെന്റിനു ശേഷം, നൽകിയ കാർഡ് പരാമർശിച്ച കാലയളവിൽ ആക്ടീവ് ആണെങ്കിൽ, കാർഡ് ഉടമയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത പേയ്മെന്റുകളും ഡെബിറ്റ് ചെയ്ത ഇടപാടുകളും കാണിക്കുന്ന ഒരു പ്രതിമാസ സ്റ്റേറ്റ്മെൻറ് എസ്ബിഐസിപിഎസ്എൽ കാർഡ് ഉടമയ്ക്ക് അയയ്ക്കും. രേഖയിലുള്ള ഇമെയിൽ ഐഡിയിലേക്ക് മുൻകൂട്ടി നിശ്ചയിച്ച തീയതിയിൽ എസ്ബിഐസിപിഎസ്എൽ ഇമെയിൽ വഴി ഒരു സ്റ്റേറ്റ്മെൻറ് അയയ്ക്കും.

b) എസ്ബിഐ കോർപ്പറേറ്റ് കാർഡ്, കാർഡ് ഉടമയ്ക്ക് റിവോൾവിംഗ് ക്രെഡിറ്റ് സൗകര്യം വാഗ്ദാനം ചെയ്യുന്നില്ല. പിഴ ഈടാക്കുന്നത് ഒഴിവാക്കാൻ ഏതു സ്റ്റേറ്റ്മെന്റിലെയും മൊത്തം കുടിശ്ശിക പൂർണമായും അടയ്ക്കണം.

c) കാർഡ് കുടിശ്ശികയിലേക്ക് നടത്തിയ പേയ്മെന്റുകൾ ലഭിച്ചതായി തുടർന്നുള്ള സ്റ്റേറ്റ്മെന്റുകളിൽ കാണിക്കുന്നതാണ്. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അല്ലെങ്കിൽ നികുതികളുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാര്യം സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സ്റ്റേറ്റ്മെന്റ് പുറപ്പെടുവിച്ച തീയതി മുതൽ 30 ദിവസത്തിനുള്ളിൽ അത് കോർപ്പറേറ്റ് കാർഡ് ഇഷ്യു ചെയ്യുവരെ അറിയിക്കണം.

d) കാർഡ് ഉടമയുടെ കാർഡ് കുടിശ്ശികയ്ക്ക് ലഭിക്കുന്ന പേയ്മെന്റുകൾ നികുതികൾ, ഫീസുകൾ, മറ്റ് ചാർജുകൾ, പലിശ ചാർജുകൾ, വാങ്ങലുകൾ, ക്യാഷ് അഡ്വാൻസുകൾ എന്നീ ക്രമത്തിൽ വിനിയോഗിക്കും. ജിഎസ്ടി നിബന്ധനകൾ ഉചിതമായി പാലിക്കാൻ കോർപ്പറേറ്റ് കാർഡ് ഇഷ്യൂ ചെയ്യുവരെ പ്രാപ്തമാക്കുന്നതിന്, കൃത്യമായ വിവരങ്ങൾ തക്ക സമയത്ത് നൽകാനുള്ള ഉത്തരവാദിത്വം കാർഡ് ഉടമയ്ക്ക് ഉണ്ടായിരിക്കും, ഇത് കോർപ്പറേറ്റ് കാർഡ് ഇഷ്യു ചെയ്യുവർ നൽകുന്ന സപ്ലേകളുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്

സ്വീകരിക്കാൻ കാർഡ് ഉടമയെ പ്രാപ്തമാക്കും. കാർഡ് ഉടമ നൽകുന്ന തെറ്റായ വിവരങ്ങൾ നിമിത്തമോ കാർഡ് ഉടമയുടെ ഏതെങ്കിലും പ്രവൃത്തിയോ വിട്ടുകളയലോ നിമിത്തമോ കാർഡ് ഉടമയ്ക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നഷ്ടപ്പെടുകയോ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നതിനു കാലതാമസം നേരിടുകയോ ചെയ്താൽ കാർഡ് ഇഷ്യൂ ചെയ്തവർ അതിന് ഉത്തരവാദിയായിരിക്കില്ല.

e) കാർഡ് അക്കൗണ്ടിലേക്കുള്ള പേയ്മെന്റുകൾ ഇനിപ്പറയുന്ന ഏതെങ്കിലും രീതിയിൽ നടത്താം:

- www.sbicard.com -ലേക്ക് ലോഗിൻ ചെയ്യുകയും നെറ്റ്ബാങ്കിംഗ് അല്ലെങ്കിൽ നിങ്ങളുടെ എസ്ബിഐ എടിഎം കം ഡെബിറ്റ് കാർഡ് മുഖേന പേയ്മെന്റ് നടത്താൻ പേയ്നെറ്റ് ഓപ്ഷൻ ഉപയോഗിക്കുന്നതിലൂടെ.
- സ്റ്റേറ്റ്മെന്റിന്റെ പിറകിൽ നൽകിയിരിക്കുന്ന തപാൽ വിലാസത്തിലേക്ക് ചെക്കോ ഡ്രാഫ്റ്റോ അയക്കുന്നത് വഴി.
- നിങ്ങളുടെ നഗരത്തിലുള്ളതോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏതെങ്കിലും നിയുക്ത ബ്രാഞ്ചിലുള്ളതോ ആയ എസ്ബിഐ കാർഡ് ഡ്രോപ്പ് ബോക്സിൽ ചെക്കോ ഡ്രാഫ്റ്റോ ഇടുന്നത് വഴി. ചെക്ക് / ഡ്രാഫ്റ്റ് "എസ്ബിഐ കാർഡ് നമ്പർ xxxx xxxx xxxx xxxx" ന് പേ ചെയ്യാവുന്നത് ആയിരിക്കണം.
- എൻഎസിഎച്ച്: തിരഞ്ഞെടുത്ത നഗരങ്ങളിലെ നാഷണൽ ഓട്ടോമാറ്റഡ് ക്ലിയറിംഗ് ഹൗസ് (എൻഎസിഎച്ച്) വഴി പേയ്മെന്റുകൾ നടത്താം.
- എൻഇഎഫ്ടി:

  ഗുണഭോക്താവിന്റെ പേര്: സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൊമേഴ്ഷ്യൽ ബ്രാഞ്ച് (04079), 6-ആം നില, പാം കോർട്ട്, മഹാറാണാ പ്രതാപ് ചൗക്ക്, എം.ഡി.ഐ.ക്ക് അടുത്ത്, ഗുരുഗ്രാം-122001

  ബാങ്ക് അക്കൗണ്ട് നമ്പർ - 39735563903

  ഐഎഫ്എസ്സി കോഡ്: SBIN0004079

f) ബിൽ കുടിശ്ശികയുടെ പേയ്മെന്റുകൾ നടത്തുന്നതിന് വിവിധ രീതികൾ എസ്ബിഐ കാർഡ് വാഗ്ദാനം ചെയ്യുന്നു, ഇത് പ്രതിമാസ സ്റ്റേറ്റ്മെന്റിന്റെ പിന്നിലും എസ്ബിഐ കാർഡ് വെബ്സൈറ്റിലും വിവരിച്ചിട്ടുണ്ട്. കാർഡ് ഉടമയിൽ നിന്ന് ലഭിക്കുന്ന ഏതൊരു അഡ്വാൻസും ഭാവി ചെലവുകൾക്കുള്ള ഒരു അഡ്വാൻസായി കണക്കാക്കും, ഏതെങ്കിലും ചാർജുകൾക്കോ ഫീസുകൾക്കോ ബാധകമാക്കില്ല.

g) ബില്ലിംഗ് തർക്കങ്ങൾ: സ്റ്റേറ്റ്മെന്റ് തീയതിയുടെ 30 ദിവസങ്ങൾക്കുള്ളിൽ കാർഡ് ഉടമ പൊരുത്തക്കേടുകൾ എസ്ബിഐസിപിഎസ്എല്ലിനെ അറിയിക്കുകയും അത് ശരിയാണ് എന്ന് എസ്ബിഐസിപിഎസ്എൽ അംഗീകരിക്കുകയും ചെയ്തില്ലെങ്കിൽ സ്റ്റേറ്റ്മെന്റിലെ മുഴുവൻ ഉള്ളടക്കവും ശരിയാണെന്നും കാർഡ് ഉടമ ഇത് അംഗീകരിച്ചതാണെന്നും കണക്കാക്കുന്നതാണ്. ഇത്തരം വിവരം ലഭിച്ചാൽ എസ്ബിഐസിപിഎസ്എൽ താൽക്കാലികമായി ചാർജ് പിൻവലിക്കാം. തുടർന്നുള്ള അന്വേഷണം പൂർത്തിയാകുമ്പോൾ, അത്തരം ചാർജുകളുടെ ബാധ്യത കാർഡ് ഉടമയുടെ അക്കൗണ്ടിലാണെങ്കിൽ, തുടർന്നുള്ള സ്റ്റേറ്റ്മെന്റിൽ ആ ചാർജ് പുനഃസ്ഥാപിക്കപ്പെടും.

h) ഉപഭോക്തൃ പരാതി പരിഹാരം: മേൽനടപടി ആവശ്യമുള്ള എല്ലാ പരാതികളും ഇതിലേക്ക് അയക്കുക. ഹെഡ്- കോർപ്പറേറ്റ് കസ്റ്റമർ മാനേജ്മെന്റ്, ഡിഎൽഎഫ് ഇൻഫിനിറ്റി ടവേഴ്സ്, ടവർ സി, പന്ത്രണ്ടാം നില, ബ്ലോക്ക് 2, ബിൽഡിംഗ് 3, ഡിഎൽഎഫ് സൈബർ

സിറ്റി ഗുരുഗ്രാം - 122002 (ഹരിയാന) ഇന്ത്യ. എന്തെങ്കിലും അന്വേഷണങ്ങൾ നടത്താനോ പരാതി പരിഹാരത്തിനോ വേണ്ടി കോർപ്പറേറ്റ് കാർഡ് പ്രോഗ്രാം മാനേജർക്കോ കാർഡ് ഉടമയ്ക്കോ sbicorporate.services@sbicard.com എന്ന ഇമെയിലിൽ എസ്ബിഐസിപിഎസ്എല്ലുമായി ബന്ധപ്പെടാം. അല്ലെങ്കിൽ ഈ 24 മണിക്കൂർ എസ്ബിഐ കാർഡ് ഹെൽപ്പ്ലൈനിൽ ബന്ധപ്പെടാം: 1860 180 1290, 39 02 02 02 (തുടക്കത്തിൽ ലോക്കൽ എസ്ടിഡി കോഡ് ചേർക്കുക) - തപാൽ, ഫാക്സ്, ടെലിഫോൺ, ഇമെയിൽ, എസ്എംഎസ് സന്ദേശമയയ്ക്കൽ, കൂടാതെ / അല്ലെങ്കിൽ ഓർമ്മപ്പെടുത്താനും തുടർനടപടികളെടുക്കാനും കുടിശ്ശിക ശേഖരിക്കാനും മൂന്നാം കക്ഷികളെ നിയോഗിക്കൽ, എന്നീ മാർഗങ്ങളിലൂടെ കാർഡ് അക്കൗണ്ടിലെ കുടിശ്ശിക തീർപ്പാക്കുന്നതിന് സമയാസമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. അങ്ങനെ നിയോഗിക്കപ്പെടുന്ന ഏതൊരു മൂന്നാം കക്ഷിയും കടംപിരിവ് സംബന്ധിച്ച എല്ലാ പെരുമാറ്റച്ചട്ടങ്ങളും പൂർണ്ണമായി പാലിച്ചിരിക്കേണ്ടതാണ്. കാർഡ് ഉടമ പാപ്പരാകുകയോ മരിക്കുകയോ ചെയ്താൽ, കാർഡ് അക്കൗണ്ടിന്റെ മൊത്തം കുടിശ്ശിക, പ്രാബല്യത്തിലുള്ളതും എന്നാൽ കാർഡ് അക്കൗണ്ടിൽ ഇനിയും ചാർജ് ചെയ്യാത്ത ചാർജ്ജുകൾ ഉൾപ്പെടെ, ഉടനടി അടയ്ക്കേണ്ടതായി തീരും, അത് എസ്ബിഐസിപിഎസ്എല്ലിൽ പൂർണമായും അടയ്ക്കേണ്ടി വരികയും കാർഡ് അക്കൗണ്ട് ഉടനടി റദ്ദാകുകയും ചെയ്യും. കാർഡ് അക്കൗണ്ടിലെ ഏതൊരു കുടിശ്ശികയും തീർക്കുന്നതിനുള്ള ഉത്തരവാദിത്വം കാർഡ് ഉടമയുടെ സ്വത്തിനായിരിക്കും, കൂടാതെ നിയമപരമായ ഫീസുകൾ ഉൾപ്പെടെയുള്ള എല്ലാ ചെലവുകൾക്കും അത്തരം കുടിശ്ശിക വീണ്ടെടുക്കുന്നതിന് ഉണ്ടായ ചെലവുകൾക്കും ഉള്ള എസ്ബിഐസിപിഎസ്എല്ലിന്റെ നഷ്ടോത്തരവാദിത്വം ഏറ്റെടുക്കുകയും വേണം. അത്തരം തിരിച്ചടവുകൾ തീർപ്പാകാത്തിടത്തോളം, എസ്ബിഐസിപിഎസ്എല്ലിന് നിലവിലുള്ള നിരക്ക് വെച്ച് സാമ്പത്തിക ചാർജ് ഈടാക്കുന്നത് തുടരാൻ അവകാശമുണ്ടായിരിക്കും.

### 4. തിരിച്ചടവിൽ വരുത്തുന്ന വീഴ്ച

തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ, കാർഡ് അക്കൗണ്ടിലെ കുടിശ്ശിക തീർപ്പാക്കുന്നതിന് കാർഡ് ഉടമക്ക് കാലാകാലങ്ങളിൽ ഓർമ്മപ്പെടുത്തലുകൾ അയയ്ക്കും, തപാൽ, ഫാക്സ്, ടെലിഫോൺ, ഇമെയിൽ, എസ്എംഎസ് സന്ദേശമയയ്ക്കൽ കൂടാതെ/ അല്ലെങ്കിൽ ഓർമ്മപ്പെടുത്താനും പിന്തുടരാനും കുടിശ്ശിക ശേഖരിക്കാനുമുള്ള മൂന്നാം കക്ഷികളെ നിയോഗിക്കുക, എന്നീ മാർഗങ്ങളിലൂടെയാകാം അത്. അങ്ങനെ നിയോഗിക്കപ്പെടുന്ന ഏതൊരു മൂന്നാം കക്ഷിയും കടംപിരിവ് സംബന്ധിച്ച എല്ലാ പെരുമാറ്റച്ചട്ടങ്ങളും പൂർണ്ണമായി പാലിച്ചിരിക്കേണ്ടതാണ്. കാർഡ് ഉടമ പാപ്പരാകുകയോ മരിക്കുകയോ ചെയ്താൽ, കാർഡ് അക്കൗണ്ടിന്റെ മൊത്തം കുടിശ്ശിക, പ്രാബല്യത്തിലുള്ളതും എന്നാൽ കാർഡ് അക്കൗണ്ടിൽ ഇനിയും ചാർജ് ചെയ്യാത്ത ചാർജ്ജുകൾ ഉൾപ്പെടെ, ഉടനടി അടയ്ക്കേണ്ടതായി തീരും, അത് എസ്ബിഐസിപിഎസ്എല്ലിൽ പൂർണമായും അടയ്ക്കേണ്ടി വരികയും കാർഡ് അക്കൗണ്ട് ഉടനടി റദ്ദാകുകയും ചെയ്യും. കാർഡ് അക്കൗണ്ടിലെ ഏതൊരു കുടിശ്ശികയും തീർക്കുന്നതിനുള്ള ഉത്തരവാദിത്വം കാർഡ് ഉടമയുടെ സ്വത്തിനായിരിക്കും, കൂടാതെ നിയമപരമായ ഫീസുകൾ ഉൾപ്പെടെയുള്ള എല്ലാ ചെലവുകൾക്കും അത്തരം കുടിശ്ശിക വീണ്ടെടുക്കുന്നതിന് ഉണ്ടായ ചെലവുകൾക്കും ഉള്ള എസ്ബിഐസിപിഎസ്എല്ലിന്റെ നഷ്ടോത്തരവാദിത്വം ഏറ്റെടുക്കുകയും വേണം. അത്തരം തിരിച്ചടവുകൾ തീർപ്പാകാത്തിടത്തോളം, എസ്ബിഐസിപിഎസ്എല്ലിന് നിലവിലുള്ള നിരക്ക് വെച്ച്

സാമ്പത്തിക ചാർജ് ഈടാക്കുന്നത് തുടരാൻ അവകാശമുണ്ടായിരിക്കും.

ഒരു കാർഡ് ഉടമയുടെ തിരിച്ചടവിൽ വിഴ്ചവരുത്തി എന്ന സ്റ്റാറ്റസ്, ആർബിഐയിൽ നിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതും എസ്ബിഐസിപിഎസ്എൽ അംഗമായതുമായ ഒരു ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പ് ഞങ്ങൾ കാർഡ് ഉടമയ്ക്ക് ഒരു മാസത്തെ അറിയിപ്പ് നൽകും.

ഒരു കാർഡ് ഉടമ, തിരിച്ചടവിൽ വിഴ്ചവരുത്തിയതായി റിപ്പോർട്ട് ചെയ്ത ശേഷം, അവരുടെ കുടിശ്ശിക തീർക്കുന്നുവെങ്കിൽ, എസ്ബിഐസിപിഎസ്എൽ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയിൽ നിന്ന് തിരിച്ചടവിൽ വിഴ്ചവരുത്തി എന്ന സ്റ്റാറ്റസ് പിൻവലിക്കുമെന്ന് ശ്രദ്ധിക്കുക. കാർഡ് ഉടമയുടെ ക്രെഡിറ്റ് റിപ്പോർട്ടിൽ അത്തരം മാറ്റങ്ങൾ പ്രതിഫലിപ്പിക്കാൻ 45-60 ദിവസം എടുത്തേക്കാം. എസ്ബിഐസിപിഎസ്എൽ എല്ലാ മാസവും കാർഡ് ഉടമയുടെ ഡാറ്റ ഒരു ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിക്ക് നിർദ്ദിഷ്ട ഫോർമാറ്റിൽ സമർപ്പിക്കുന്നു. ഇങ്ങനെ സമർപ്പിച്ച ഡാറ്റ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനി 30 ദിവസ സമയത്തിനുള്ളിൽ അവരുടെ സെർവറിലേക്ക് അപ്‌ലോഡ് ചെയ്യുന്നു.

എസ്ബിഐസിപിഎസ്എൽ അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ കോർപ്പറേറ്റ് കാർഡിനൊപ്പം ചില ഇൻഷുറൻസ് പരിരക്ഷയും നൽകിയേക്കാം, കോർപ്പറേറ്റിനെ / കാർഡ് ഉടമയെ മുൻകൂട്ടി അറിയിക്കാതെ തന്നെ അത് പിൻവലിക്കാനുള്ള പൂർണ്ണ അവകാശം അതിന് ഉണ്ടായിരിക്കും. അത്തരം ഓഫറുകളുടെ വിശദാംശങ്ങൾ എസ്ബിഐസിപിഎസ്എൽ എല്ലായ്പ്പോഴും വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യും. അപ്ഡേറ്റ് ചെയ്ത വിശദാംശങ്ങൾക്ക്, കോർപ്പറേറ്റിന് / കാർഡ് ഉടമകൾക്ക് www.sbicard.com സന്ദർശിക്കാവുന്നതാണ്. കോർപ്പറേറ്റ് കാർഡ് ഉടമക്ക് കോർപ്പറേറ്റ് കാർഡ് ഇഷ്യൂ ചെയ്ത തീയതി മുതൽ ബന്ധപ്പെട്ട ഇൻഷുറൻസ് പരിരക്ഷ ബാധകമാകും കൂടാതെ / അല്ലെങ്കിൽ അന്നു മുതൽ അത് സജീവമാകും.

## 5. കാർഡ് ഉടമസ്ഥത അവസാനിപ്പിക്കൽ/ റദ്ദാക്കൽ

a) എസ്ബിഐസിപിഎസ്എല്ലിന് എഴുതുകയോ എസ്ബിഐ കാർഡ് ഹെൽപ്പ് ലൈനിൽ വിളിക്കുകയോ ചെയ്തും കാർഡ്(കൾ) കോണോടുകോൺ മുറിക്കുകയും ചെയ്തുകൊണ്ട് കോർപ്പറേറ്റ് കാർഡ് പ്രോഗ്രാം മാനേജർക്ക് അല്ലെങ്കിൽ കോർപ്പറേറ്റ് കാർഡ് പ്രോഗ്രാം മാനേജരുടെ അംഗീകാരമുള്ള കാർഡ് ഉടമയ്ക്ക് എപ്പോൾ വേണമെങ്കിലും കരാർ അവസാനിപ്പിക്കാം. കാർഡ് അക്കൗണ്ടിലെ കുടിശ്ശികയുള്ള എല്ലാ തുകകളും കാർഡ് ഉടമ അടച്ചു കഴിയുമ്പോൾ അവസാനിപ്പിക്കൽ പ്രാബല്യത്തിൽ വരും. ചേരുന്നതിനോ പുതുക്കുന്നതിനോ / വാർഷികമായോ ഉള്ള ഫീസുകൾ ആനുപാതിക അടിസ്ഥാനത്തിൽ മടക്കിനൽകില്ല.

b) ബിസിനസ് അല്ലെങ്കിൽ സുരക്ഷാ കാരണങ്ങൾ കൂടാതെ/ അല്ലെങ്കിൽ നിയമനിർവഹണ ഏജൻസി കൂടാതെ/ അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ അതോറിറ്റിയുടെ അഭ്യർത്ഥന പ്രകാരം കൂടാതെ/ അല്ലെങ്കിൽ എസ്ബിഐസിപിഎസ്എല്ലിനും അതിന്റെ ഉപഭോക്താവിനും ബാധകമാവുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും കീഴിൽ അനിവാര്യമാണെന്ന് എസ്ബിഐസിപിഎസ്എൽ ന്യായമായും വിശ്വസിക്കുന്നുവെങ്കിൽ കാർഡ് ഉടമാ അക്കൗണ്ടിന്റെ ഉപയോഗം ഏതു സമയത്തും മുൻകൂട്ടി അറിയിക്കാതെ തന്നെ എസ്ബിഐസിപിഎസ്എൽ നിയന്ത്രിക്കുകയോ അവസാനിപ്പിക്കുകയോ

താൽക്കാലികമായി നിർത്തുകയോ ചെയ്യാം.

c) കാർഡ് ഉടമ അടയ്ക്കേണ്ട പേയ്മെന്റിൽ വീഴ്ച വരുത്തുകയോ ദീർഘിപ്പിച്ച ക്രെഡിറ്റ് പരിധി ലംഘിക്കുകയോ ചെയ്യുന്നുവെങ്കിൽ, എസ്ബിഐസിപിഎസ്എല്ലിന് കോർപ്പറേറ്റ് കാർഡിലെ സൗകര്യം താൽക്കാലികമായി നിർത്താനാകും. കരാർ അവസാനിച്ചതിനു ശേഷമോ കാർഡ് അക്കൗണ്ട് ഉപയോഗം താൽക്കാലികമായി നിർത്തിവച്ചിരിക്കുന്ന കാലയളവിലോ കാർഡ് ഉപയോഗിക്കരുത്. ഇത്തരം ഒരു സാഹചര്യത്തിൽ, കാർഡ് ഉടമ (ഏതെങ്കിലും തിരിച്ചടവു വീഴ്ചക്കോ നിയമം അനുശാസിക്കുന്ന നോട്ടീസിനോ വിധേയമായി) ഉടൻ തന്നെ എസ്ബിഐസിപിഎസ്എല്ലിന് അക്കൗണ്ടിലെ മൊത്തം കുടിശ്ശിക ബാലൻസ് അടയ്ക്കേണ്ടതുണ്ട്. എല്ലാ ഇടപാടുകളും ഇതുവരെ അക്കൗണ്ടിൽ ചാർജ്ജ് ചെയ്യാത്ത തുകകളും ഉൾപ്പെടെ ഈ കരാറിന് കീഴിൽ എസ്ബിഐസിപിഎസ്എല്ലിന് അടയ്ക്കേണ്ട എല്ലാ തുകകളും ഇതിൽ പെടുന്നു. ഇത്തരത്തിൽ അടയ്ക്കേണ്ട എല്ലാ തുകകളും കാർഡ് ഉടമ അടയ്ക്കുന്നത് വരെ കാർഡ് ഉടമാ അക്കൗണ്ട് ക്ലോസ് ചെയ്തതായി പരിഗണിക്കില്ല.

**6.കാർഡിന്റെ നഷ്ടം/മോഷണം/ദുരുപയോഗം**

a) കോർപ്പറേറ്റ് കാർഡ് എവിടെ വെച്ചെന്ന് അറിയാതെ വരികയോ, നഷ്ടപ്പെടുകയോ, മോഷ്ടിക്കപ്പെടുകയോ, വികൃതമാക്കപ്പെടുകയോ, യഥാസമയം ലഭിക്കാതിരിക്കുകയോ കാർഡ് ഉടമയുടെ അനുമതിയില്ലാതെ കോർപ്പറേറ്റ് കാർഡ് ഉപയോഗിക്കുന്നുവെന്ന് സംശയിക്കുകയോ ചെയ്താൽ കാർഡ് ഉടമ എസ്ബിഐ കാർഡ് ഹെൽപ്പ്ലൈനിൽ എത്രയും വേഗം എസ്ബിഐസിപിഎസ്എല്ലിനെ ബന്ധപ്പെടണം. ഒരു കാർഡ് നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്ത ശേഷം കാർഡ് ഉടമ അത് കണ്ടെത്തിയാൽ അത് ഒരു സാഹചര്യത്തിലും ഉപയോഗിക്കാൻ പാടില്ല. മാത്രമല്ല, കാർഡ് ഉടമ ആ കാർഡ് കോണോടുകോൺ പകുതിയായി മുറിക്കുകയും വേണം.

- ഐവിആർ വഴിയോ ഞങ്ങളുടെ വെബ്സൈറ്റായ www.sbicard.com മുഖേനയോ പുൾ എസ്എംഎസിലൂടെയോ കാർഡ് ഉടമക്ക് തൽക്ഷണം കാർഡ് ബ്ലോക്ക് ചെയ്യാനാകും.
- നിങ്ങളുടെ നഷ്ടപ്പെട്ട/മോഷ്ടിക്കപ്പെട്ട കാർഡ് പുൾ എസ്എംഎസ് വഴി ബ്ലോക്ക് ചെയ്യാൻ നിങ്ങളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ നിന്ന് 5676791-ലേക്ക് BLOCK XXXX എന്ന് എസ്എംഎസ് ചെയ്യുക. (XXXX = നിങ്ങളുടെ കാർഡ് നമ്പറിന്റെ അവസാന 4 അക്കങ്ങൾ). നിങ്ങൾ അഭ്യർത്ഥന നടത്തി 5 മിനിറ്റിനുള്ളിൽ നിങ്ങൾക്ക് ഒരു സ്ഥിരീകരണ എസ്എംഎസ് ലഭിക്കുന്നില്ലെങ്കിൽ കാർഡ് ബ്ലോക്ക് ചെയ്യപ്പെട്ടതായി പരിഗണിക്കരുത്. നിങ്ങളുടെ കാർഡ് പെട്ടെന്ന് ബ്ലോക്ക് ചെയ്യുന്നതിനും ദുരുപയോഗം ഒഴിവാക്കുന്നതിനും ഹെൽപ്പ് ലൈനിൽ വിളിക്കുക.

b) എന്തെങ്കിലും അനധികൃത ഇടപാടുകൾ നടന്നാലോ കൂടാതെ/ അല്ലെങ്കിൽ കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താലോ റിപ്പോർട്ട് ചെയ്യാനുള്ള ഒന്നിലധികം മാർഗ്ഗങ്ങളിലൊന്നിൽ കാർഡ് ഉടമ എസ്ബിഐസിപിഎസ്എല്ലിനെ അറിയിക്കണം. " ഉപഭോക്തൃ പരിരക്ഷ – അനധികൃത ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടുകളിൽ ഉപഭോക്താക്കളുടെ ബാധ്യത പരിമിതപ്പെടുത്തൽ" എന്നതിലെ

നിർദ്ദേശങ്ങൾ അനുസരിച്ചും അതടിസ്ഥാനത്തിലും മാത്രമേ ഏതെങ്കിലും അനധികൃത ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടുകൾക്ക് എസ്ബിഐസിപിഎസ്എൽ ഉത്തരവാദിയാകുകയുള്ളൂ.

കാർഡ് നഷ്ടം എസ്ബിഐസിപിഎസ്എല്ലിന് റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പ് കാർഡ് അക്കൗണ്ടിൽ നടത്തിയ ഏതെങ്കിലും ഇടപാടുകളുടെ കാര്യത്തിൽ എസ്ബിഐസിപിഎസ്എല്ലിന് ബാധ്യതയോ ഉത്തരവാദിത്വമോ ഉണ്ടായിരിക്കുന്നതല്ല, കാർഡ് ഉടമ ഇതിന് പരിപൂർണ്ണമായും ബാധ്യസ്ഥനായിരിക്കും, ഉപഭോക്താവിന് ഉണ്ടായ നഷ്ടം എസ്ബിഐസിപിഎസ്എല്ലിന്റെ ഭാഗത്ത് നിന്നുണ്ടായ അപര്യാപ്തത കാരണമല്ലെങ്കിൽ ആണ് ഇത്. നഷ്ടപ്പെട്ടതിനെ കുറിച്ചുള്ള ശരിയായ അറിയിപ്പ് എസ്ബിഐസിപിഎസ്എൽ സ്വീകരിച്ചതിന് ശേഷം (വെബ്സൈറ്റ്, ഫോൾ ബാങ്കിംഗ്, എസ്എംഎസ്, ഇമെയിൽ, ഐവിആർ അല്ലെങ്കിൽ ഹെൽപ്പ് ലൈൻ), കാർഡ് ഉടമയുടെ തുടർന്നുള്ള ബാധ്യത പരമാവധി 1000 രൂപ വരെയായി നിയന്ത്രിക്കും, കാർഡ് നഷ്ടപ്പെട്ടതോ മോഷ്ടിക്കപ്പെട്ടതോ എസ്ബിഐസിപിഎസ്എല്ലിനെ അറിയിക്കുന്നതിന് പുറമെ, കോർപ്പറേറ്റ് കാർഡ്(കൾ) മോഷണം കാർഡ് ഉടമ പോലീസിൽ റിപ്പോർട്ട് ചെയ്യുകയും എഫ്ഐആർ സമർപ്പിക്കുകയും വേണം. കാർഡ് ഉടമയുടെ സമ്മതത്തോടെ ആരെങ്കിലും കാർഡോ പിന്നോ കരസ്ഥമാക്കി ദുരുപയോഗം ചെയ്താൽ എല്ലാ നഷ്ടങ്ങൾക്കും കാർഡ് ഉടമ ബാധ്യസ്ഥനായിരിക്കും.

c) കാർഡ് ഉടമ വഞ്ചനാപരമായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ എല്ലാ നഷ്ടങ്ങൾക്കും കാർഡ് ഉടമ ബാധ്യസ്ഥനായിരിക്കും. വിവേകപൂർണ്ണമായ ശ്രദ്ധ നൽകാതെയാണ് കാർഡ് ഉടമ പ്രവർത്തിക്കുന്നതെങ്കിൽ, സംഭവിച്ച എല്ലാ നഷ്ടങ്ങൾക്കും കാർഡ് ഉടമക്ക് ബാധ്യത ഉണ്ടായേക്കാം. എസ്ബിഐസിപിഎസ്എൽ വ്യക്തമാക്കിയിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പിന്തുടരാൻ കാർഡ് ഉടമ പരാജയപ്പെട്ടാൽ ഇത് ബാധകമായേക്കാം.

d) ഉപഭോക്തൃ പരിരക്ഷ - അനധികൃത ഇലക്ട്രോണിക് ബാങ്കിംഗ് ഇടപാടുകളിലെ ഉപഭോക്താക്കളുടെ ബാധ്യത പരിമിതപ്പെടുത്തൽ എന്നതുമായി ബന്ധപ്പെട്ട് 2017 ജൂലൈ 6-ലെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) ഉത്തരവ് പ്രകാരം, അനധികൃത ക്രെഡിറ്റ് കാർഡ് ഇടപാടുകളെ സംബന്ധിച്ച ഉപഭോക്തൃ പരിരക്ഷ ഉറപ്പാക്കുന്നതിന് ഒരു നയം രൂപകൽപ്പന ചെയ്തിട്ടുണ്ട്. അത് എസ്ബിഐ കാർഡിന്റെ വെബ്സൈറ്റിൽ " ഉപഭോക്തൃ പരാതി പരിഹാര നയം" എന്നതിന് കീഴിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. ഉപഭോക്താക്കളെ പരിചരിക്കുന്നതിലെ സുതാര്യത, നീതി തത്വങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ് ഈ നയം.

e) കാർഡ് ഉടമയോടോ ഏതെങ്കിലും അധിക കാർഡ് ഉടമയോടോ അന്വേഷിക്കാതെ തന്നെ എസ്ബിഐസിപിഎസ്എൽ, ഒരു കാർഡിന്റെയോ പിന്നിന്റെയോ നഷ്ടം, മോഷണം, ദുരുപയോഗം, എന്നിവയെ കുറിച്ച് എസ്ബിഐസിപിഎസ്എൽ പ്രസക്തമെന്ന് കരുതുന്ന ഏതൊരു വിവരവും പോലീസിനോ മറ്റ് പ്രസക്ത അധികാരകൾക്കോ നൽകിയേക്കാം.

f) നിങ്ങളുടെ കോർപ്പറേറ്റ് കാർഡ് അക്കൗണ്ടിലെ കോൺടാക്റ്റ് വിശദാംശങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ സിസ്റ്റത്തിലെ നിങ്ങളുടെ പുതിയതും മുമ്പുള്ളതുമായ കോൺടാക്റ്റ് വിശദാംശങ്ങളിൽ സൂചിപ്പിച്ചിരിക്കണം. നിങ്ങളുടെ നിലവിലെ കോൺടാക്റ്റ് വിവരങ്ങൾ ഞങ്ങളുടെ രേഖകളിൽ അപ്ഡേറ്റ് ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നു.

7. **വെളിപ്പെടുത്തൽ**

നിലവിലുള്ളതോ ഭാവിയിലുള്ളതോ ആയ ഏത് ക്രെഡിറ്റ് ബ്യൂറോകളുമായും കാർഡ് ഉടമാ വിവരങ്ങൾ പങ്കിടാൻ എസ്ബിഐസിപിഎസ്എല്ലിന് അധികാരമുണ്ടെന്ന് കാർഡ് ഉടമ അംഗീകരിക്കുന്നു, റിപ്പോർട്ട് ചെയ്യുന്നതിനെ കുറിച്ച് കാർഡ് ഉടമക്ക് മതിയായ അറിയിപ്പ് നൽകിയതിനു ശേഷമായിരിക്കും ഇത്. ഈ വിവരങ്ങൾ കാർഡ് ഉടമയുടെ പോസിറ്റീവോ നെഗറ്റീവോ ആയ പെർഫോമൻസ്/ വീഴ്ച സംബന്ധിച്ചതാകാം. ഇത്തരം അപ്ഡേറ്റ് ക്രെഡിറ്റ് ബ്യൂറോ റിപ്പോർട്ടിൽ പ്രതിഫലിക്കാൻ 45-60 ദിവസങ്ങൾ എടുത്തേക്കാം. ഇന്ത്യൻ ധനകാര്യ വ്യവസ്ഥയുടെ പ്രവർത്തനക്ഷമതയും സ്ഥിരതയും മെച്ചപ്പെടുത്തുന്നതിനായുള്ള ഇന്ത്യാ ഗവൺമെന്റിന്റെയും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെയും (ആർബിഐ) ഒരു സംരംഭമാണ് ക്രെഡിറ്റ് ഇൻഫോർമേഷൻ ബ്യൂറോ ഇന്ത്യാ ലിമിറ്റഡ് (സിഐബിഐഎൽ). ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും തമ്മിൽ വിവരങ്ങൾ കൈമാറുന്നതിന് ഫലപ്രദമായ ഒരു സംവിധാനം പ്രദാനം ചെയ്യാനും അതുവഴി വിവിധ സ്ഥാപനങ്ങളിൽ നിന്ന് മികച്ച ക്രെഡിറ്റ് വ്യവസ്ഥകൾ നേടാൻ കാർഡ് ഉടമകളെ പ്രാപ്തരാക്കാനുമുള്ള ആർബിഐയുടെ ശ്രമങ്ങളുടെ ഭാഗമായാണിത്. കാർഡ് അക്കൗണ്ടുകളുടെ ശരിയായ പ്രവർത്തനം, സ്ഥിരീകരണം, മറ്റു അഡ്മിനിസ്ട്രേറ്റീവ് സേവനങ്ങൾ എന്നിവക്കായി ധനകാര്യ സ്ഥാപനം, തൊഴിലുടമ, എസ്ബിഐസിപിഎസ്എല്ലുമായി കരാറിലേർപ്പെട്ടിരിക്കുന്ന മൂന്നാം കക്ഷികൾ എന്നിവർക്ക് പേയ്മെന്റിലെ വീഴ്ച ഉൾപ്പെടെയുള്ള കാർഡ് ഉടമാ വിവരങ്ങൾ പങ്കിടാൻ എസ്ബിഐസിപിഎസ്എല്ലിന് അധികാരമുണ്ടെന്നും കാർഡ് ഉടമ സമ്മതിക്കുന്നു. എസ്ബിഐസിപിഎസ്എല്ലിന്റെ അല്ലെങ്കിൽ അതിന്റെ ഗ്രൂപ്പ് കമ്പനികൾ, സബ്സിഡിയറികൾ, അഫിലിയേറ്റുകൾ, കൂടാതെ/ അല്ലെങ്കിൽ അസോസിയേറ്റുകൾ എന്നിവയുടെ വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും വിപണനം ചെയ്യുന്നതിനും വാഗ്ദാനം ചെയ്യുന്നതിനുമായി എസ്ബിഐസിപിഎസ്എല്ലിന്റെ ഏതെങ്കിലും പാരന്റ്, സബ്സിഡിയറി, അഫിലിയേറ്റ് അല്ലെങ്കിൽ അസോസിയേറ്റ് എന്നിവരുമായും എസ്ബിഐസിപിഎസ്എൽ കാർഡ് ഉടമാ വിവരങ്ങൾ പങ്കിട്ടേക്കാം.

എസ്ബിഐ കാർഡ് ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും www.sbicard.com -ലും ലഭ്യമാണ്.

## പ്രധാനപ്പെട്ട റഗുലേറ്ററി വിവരങ്ങൾ

- കാർഡ് ഇന്ത്യയിലും വിദേശത്തും ഉപയോഗിക്കുന്നതിന് സാധുതയുള്ളതാണ്. എങ്കിലും ഇത് നേപ്പാളിലും ഭൂട്ടാനിലും വിദേശ കറൻസി ഇടപാടുകൾ നടത്തുന്നതിന് സാധുതയില്ലാത്തതാണ്.
- ഇന്ത്യക്ക് പുറത്ത് ഇടപാട് നടത്താൻ കാർഡ് ഉപയോഗിക്കുന്നത് ആർബിഐയുടെ വിനിമയ മാനേജ്മെന്റ് ചട്ടങ്ങളും വിദേശ വിനിമയ മാനേജ്മെന്റ് ആക്ട് 1999-ഉം അടക്കം ബാധകമായ നിയമത്തിന് അനുസൃതമായിരിക്കണം. ഇന്റർനെറ്റ് വ്യാപാര പോർട്ടലുകൾ വഴിയുള്ള വിദേശ വിനിമയ വ്യാപാരം അനുവദനീയമല്ല. അനുസരിക്കുന്നതിന് പരാജയപ്പെടുകയോ ലംഘനങ്ങൾ നടക്കുകയോ ചെയ്താൽ, നിങ്ങൾക്ക് ശിക്ഷാനടപടികൾ ഉണ്ടായേക്കാം. നിങ്ങളുടെ വിദേശ വിനിമയ അർഹത സംബന്ധിച്ചുള്ള വിവരങ്ങൾക്ക് നിങ്ങളുടെ അംഗീകൃത ഡീലറുമായി (എഡി) കൂടിയാലോചിക്കുക.
- കോർപ്പറേറ്റ് കാർഡ് അക്കൗണ്ടിൽ നിങ്ങൾക്ക് ക്രെഡിറ്റ് ബാലൻസ് ഉണ്ടെങ്കിൽ, ഈ

ക്രെഡിറ്റ് ബാലൻസ് നിങ്ങൾക്ക് തിരിച്ചു നൽകാനുള്ള അവകാശം എസ്ബിഐ കാർഡിന് ഉണ്ട്.

- വിദേശത്തെ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുക, വിദേശത്ത് സ്ഥാപനങ്ങൾ സ്ഥാപിക്കുക പോലുള്ള മൂലധന അക്കൗണ്ട് ഇടപാടുകൾക്ക് പേയ്മെന്റ് ചെയ്യാനോ പണമടയ്ക്കാനോ കോർപ്പറേറ്റ് കാർഡുകൾ ഉപയോഗിക്കരുത്, ആർബിഐയുടെ മാസ്റ്റർ നിർദ്ദേശം - വിദേശത്തെ സംയുക്ത സംരംഭം/ പൂർണ്ണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി എന്നിവയിൽ താമസക്കാരുടെ നേരിട്ടുള്ള നിക്ഷേപം എന്നതിന് കീഴിൽ ഇത് ഫണ്ടിംഗിനുള്ള അനുവദനീയമായ രീതിയല്ല.
- ആർബിഐ മാസ്റ്റർ സർക്കുലർ - ഇന്ത്യയിൽ നിന്നുള്ള പലവിധ പണമടയ്ക്കലുകൾ താമസക്കാർക്കുള്ള സൗകര്യങ്ങൾ മാസ്റ്റർ സർക്കുലർ അനുസരിച്ച്, ലോട്ടറി ടിക്കറ്റുകൾ, നിരോധിച്ച, ബഹിഷ്ക്കരിച്ച മാഗസിനുകൾ പോലുള്ള നിരോധിത സാധനങ്ങൾ വാങ്ങുന്നതിനും പന്തയങ്ങളിൽ പങ്കെടുക്കുന്നതിനും കാൾ ബാക്ക് സേവനങ്ങൾക്ക് പേയ്മെന്റ് ചെയ്യുന്നതിനും അതുപോലുള്ള ആവശ്യങ്ങൾക്കും കോർപ്പറേറ്റ് കാർഡ് ഉപയോഗിക്കുന്നത് നിരോധിച്ചിരിക്കുന്നു, കാരണം, അത്തരം സാധനങ്ങൾക്ക്/ പ്രവർത്തനങ്ങൾക്ക് വിദേശ വിനിമയം നടത്തുന്നത് അനവദനീയമല്ല. കൂടുതൽ വിശദാംശങ്ങൾക്ക് ഇന്ത്യയിൽ നിന്നുള്ള പലവിധ പണമടയ്ക്കലുകൾ താമസക്കാർക്കുള്ള സൗകര്യങ്ങൾ മാസ്റ്റർ സർക്കുലർ പരിശോധിക്കുക.

## 8. ചാർജ്ജുകളുടെ ഷെഡ്യൂൾ

| ഫീസുകൾ | പ്ലാറ്റിനം സിഗ്നേച്ചർ വെർച്വൽ കാർഡ് | | |
|---|---|---|---|
| ചേരുന്നതിനുള്ള ഫീസ് (ഒറ്റത്തവണ) | ഒന്നുമില്ല | ഒന്നുമില്ല | ഒന്നുമില്ല |
| വാർഷിക ഫീസ് (വർഷം തോറും) | ഒന്നുമില്ല | 499 രൂപ | ഒന്നുമില്ല |

| വർദ്ധിപ്പിച്ച ക്രെഡിറ്റ് | |
|---|---|
| പലിശ രഹിത ക്രെഡിറ്റ് കാലയളവ് | 20-50 ദിവസം (ചില്ലറ വാങ്ങലുകളിൽ മാത്രം ബാധകം കൂടാതെ മുമ്പത്തെ മാസത്തെ കുടിശ്ശിക ബാലൻസ് പൂർണ്ണമായി അടയ്ക്കുകയും വേണം)<br>15-32 ദിവസം (എസ്ബിഐ കോർപ്പറേറ്റ് യൂട്ടിലിറ്റി കാർഡിന്റെ കാര്യത്തിൽ മാത്രം ബാധകം) |
| സാമ്പത്തിക ചാർജ്ജുകൾ# | ഇടപാട് തീയതിയിൽ നിന്ന് പ്രതിമാസം 3.35% വരെ (പ്രതിവർഷം 40.2%) (ഇത് ഒരു ചാർജ് കാർഡ് ആണ്, റിവോൾവിംഗ് സൗകര്യം ഓഫർ ചെയ്യുന്നില്ല) |
| അടയ്ക്കാവുന്ന മൊത്തം തുക | അടയ്ക്കാനുള്ള മൊത്തം കുടിശ്ശിക |

| ക്യാഷ് അഡ്വാൻസ് (ബാധകമെങ്കിൽ) | |
|---|---|
| ക്യാഷ് അഡ്വാൻസ് പരിധി (ബാധകമെങ്കിൽ) | വേരിയബിൾ |
| സൗജന്യ ക്രെഡിറ്റ് കാലയളവ് | ഒന്നുമില്ല |
| സാമ്പത്തിക ചാർജ്ജുകൾ# | പിൻവലിച്ച തീയതി മുതൽ പ്രതിമാസം 3.35% വരെ (പ്രതിവർഷം 40.2%) |

| ക്യാഷ് അഡ്വാൻസ് ഫീസുകൾ (ബാധകമെങ്കിൽ) | |
|---|---|
| എസ്ബിഐ എടിഎമ്മുകൾ / മറ്റു ആഭ്യന്തര എടിഎമ്മുകൾ | പിൻവലിക്കൽ തുകയുടെ 2.5% വരെ അല്ലെങ്കിൽ ഓരോ ഇടപാടിനും 450 രൂപ വരെ (ഏതാണോ കൂടുതൽ അത്) |
| അന്താരാഷ്ട്ര എടിഎമ്മുകൾ | പിൻവലിക്കൽ തുകയുടെ 3% വരെ അല്ലെങ്കിൽ ഓരോ ഇടപാടിനും 450 രൂപ വരെ (ഏതാണോ കൂടുതൽ അത്) |

| മറ്റു ചാർജ്ജുകളും ഫീസുകളും (ബാധകമെങ്കിൽ) | |
|---|---|
| ക്യാഷ് പേയ്മെന്റ് ഫീസ് | 100 രൂപ |
| ചെക്ക് പിക്കപ്പ് | 90 രൂപ |
| സ്റ്റേറ്റ്മെന്റ് വീണ്ടെടുക്കൽ ഫീസ്: | ഒന്നുമില്ല |
| ചെക്ക് ഫീസ് | 100 രൂപ (2000 രൂപ വരെയുള്ള ചെക്ക് പേയ്മെന്റ്) |
| പേയ്മെന്റ് മടക്ക ഫീസ് | പേയ്മെന്റ് തുകയുടെ 2% (കുറഞ്ഞത് 350 രൂപയായിരിക്കും എന്നതിനു വിധേയം) |

| | |
|---|---|
| വൈകിയുള്ള പേയ്മെന്റ് | **0 രൂപ-200 രൂപ വരെയുള്ള ആകെ അടയ്ക്കേണ്ട തുകയ്ക്ക് ചാർജ്ജില്ല;**<br>**200 രൂപക്ക് മുകളിൽ 500 രൂപ വരെയുള്ള ആകെ അടയ്ക്കേണ്ട തുകക്ക് 100 രൂപ;**<br>**500 രൂപക്ക് മുകളിൽ 1000 രൂപ വരെയുള്ള ആകെ അടയ്ക്കേണ്ട തുകക്ക് 400 രൂപ;**<br>**1000 രൂപക്ക് മുകളിൽ 10,000 രൂപ വരെയുള്ള ആകെ അടയ്ക്കേണ്ട തുകക്ക് 500 രൂപ;**<br>**10,000 രൂപക്ക് മുകളിൽ ആകെ അടയ്ക്കേണ്ട തുകക്ക് 750 രൂപ** |
| ഓവർലിമിറ്റ് | കോർപ്പറേറ്റ് കാർഡിന് ബാധകമല്ല |
| എമർജൻസി കാർഡ് റീപ്ലേസ്മെന്റ് | കോംപ്ലിമെൻററി |
| വിദേശ കറൻസി ഇടപാട് | പരിവർത്തന മാർക്കപ്പ്: 3.5% വരെ |
| വാർഷിക മുൻഗണനാ പാസ് ഫീസ് | പ്ലാറ്റിനത്തിന് 180 രൂപ വരെ, സിഗ്നേച്ചറിന് കോംപ്ലിമെന്ററി |
| മുൻഗണനാ പാസ് ലോഞ്ച് ചാർജ്ജുകൾ | മുൻഗണനാ പാസ് പ്രോഗ്രാം വഴി ഇന്ത്യക്കകത്തോ പുറത്തോ ഉള്ള എല്ലാ എയർപോർട്ട് ലോഞ്ച് സന്ദർശനങ്ങൾക്കും ഉപയോഗ ഫീസ് ആയി ഓരോ സന്ദർശനത്തിനും $27 + ബാധകമായ നികുതികൾ എന്ന രീതിയിൽ ഈടാക്കും.<br>കൂടുതൽ വിശദാംശങ്ങൾക്ക്, sbicard.com സന്ദർശിക്കുക<br>മുൻഗണനാ പാസ് ഉള്ള എസ്ബിഐ കാർഡ് ഉടമയുടെ കൂടെയുള്ള എല്ലാ അതിഥികൾക്കും എയർപോർട്ട് ലോഞ്ച് സന്ദർശിക്കുന്നതിന് ഉപയോഗ ഫീസ് ആയി ഓരോ സന്ദർശനത്തിനും $27 + ബാധകമായ നികുതികൾ എന്ന രീതിയിൽ ഈടാക്കും. |
| വാർഷിക റിവാർഡ് ഫീസ് | 300 രൂപ വരെ |
| റിവാർഡ് വീണ്ടെടുക്കൽ ഫീസ് | 99 രൂപ |

| സർച്ചാർജ് | |
|---|---|
| റെയിൽവേ ടിക്കറ്റുകൾ - റെയിൽവേ കൗണ്ടറുകൾ | 30 രൂപ + ഇടപാട് തുകയുടെ 2.5% |
| റെയിൽവേ ടിക്കറ്റുകൾ www.irctc.co.in | ഇടപാട് തുകയുടെ 1.8% + സേവന ചാർജ്, ബാധകമാകും പ്രകാരം ഇടപാട് മൂല്യത്തിൻറെ 1%. |
| പെട്രോൾ പമ്പുകളിൽ വിൽക്കുന്ന പെട്രോളും എല്ലാ ഉൽപ്പന്നങ്ങളും/ സേവനങ്ങളും | സിഗ്നേച്ചർ, പ്ലാറ്റിനം കാർഡുകളിൽ 500 രൂപ മുതൽ 4000 രൂപ വരെ ചെലവഴിച്ച ഒരൊറ്റ ഇടപാടിന് 1% സർച്ചാർജ് ഒഴിവാക്കൽ (ബാധകമാകുന്നിടത്ത് ബാധകമായ എല്ലാ നികുതികളും + മറ്റ് ചാർജ്ജുകളും ഒഴികെ)<br><br>സിഗ്നേച്ചർ, പ്ലാറ്റിനം കാർഡുകളിൽ ഓരോ കോർപ്പറേറ്റ് കാർഡ് അക്കൗണ്ടിലെയും ഓരോ സ്റ്റേറ്റ്മെന്റ് സൈക്കിളിനും 250 രൂപയുടെ പരമാവധി സർച്ചാർജ് ഒഴിവാക്കൽ |
| കസ്റ്റംസ് തീരുവ അടയ്ക്കൽ | ഇടപാട് തുകയുടെ 2.25% (മിനിമം 75 രൂപക്ക് വിധേയം) |
| പേയ്മെന്റിന്റെ ഓർഡർ | മൊത്തം അടയ്ക്കേണ്ട തുക (ബാധകമായ നികുതികൾ അടക്കം), ശേഷം ഫീസുകളും മറ്റ് ചാർജ്ജുകളും, പലിശ ചാർജ്ജുകൾ, ചില്ലറ കുടിശ്ശികയും ക്യാഷ് അഡ്വാൻസും. |

*ചാർജ്ജുകളുടെ ഷെഡ്യൂളിലെ ഏതു മാറ്റങ്ങളും ഇമെയിൽ വഴി അറിയിക്കും കൂടാതെ അവ ഞങ്ങളുടെ വെബ്സൈറ്റ് www.sbicard.com-ൽ ലഭ്യവുമാകും.

# കാർഡ് സാമ്പത്തിക ചാർജ് മാറാവുന്നതാണ്, അത് കാർഡ് ഉടമയുടെ ഉപയോഗത്തിനും പേയ്മെന്റ് പാറ്റേണിനും അനുസരിച്ചായിരിക്കും, അത് ആനുകാലിക അവലോകനത്തിന് വിധേയവുമാകും.

മുകളിലുള്ള എല്ലാ ഫീസുകൾക്കും, പലിശക്കും, ചാർജ്ജുകൾക്കും ബാധകമാകും പ്രകാരം എല്ലാ നികുതികളും ചാർജ്ജു ചെയ്യും.

"ബാധകമായ നികുതികൾ" (2017 ജൂലൈ 1-നോ അതിന് ശേഷമോ ഇഷ്യൂ ചെയ്ത സ്റ്റേറ്റ്മെന്റുകൾക്ക്) അർത്ഥമാക്കുന്നത്:

- സ്റ്റേറ്റ്മെന്റ് തീയതിയിൽ എസ്ബിഐ കാർഡിന്റെ രേഖകളിൽ താമസിക്കുന്ന സംസ്ഥാനം "ഹരിയാന" എന്നായിരിക്കുന്ന കാർഡ് ഉടമകൾക്ക് - കേന്ദ്ര നികുതി @ 9% & സംസ്ഥാന നികുതി @ 9%

- സ്റ്റേറ്റ്മെന്റ് തീയതിയിൽ എസ്ബിഐ കാർഡിന്റെ രേഖകളിൽ താമസിക്കുന്ന സംസ്ഥാനം "ഹരിയാന" അല്ലാത്ത കാർഡ് ഉടമകൾക്ക് - സംയോജിത നികുതി @ 18%

കാർഡ് നിങ്ങൾ തുടർന്നും ഉപയോഗിക്കുമ്പോൾ ഈ ഭേദഗതികൾ സ്വീകരിച്ചതായി കണക്കാക്കും.

**എസ്ബിഐ കാർഡ് ഹെൽപ്പ് ലൈൻ**

39 02 02 02 (തുടക്കത്തിൽ ലോക്കൽ എസ്ടിഡി കോഡ് ചേർക്കുക), 1860 180 1290

ഈ പ്രമാണത്തിൽ പരാമർശിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും വ്യവസ്ഥകളും (ചാർജ്ജുകളുടെ ഷെഡ്യൂൾ ഉൾപ്പെടെ) എല്ലാ കോർപ്പറേറ്റുകൾക്കും ബാധകമായ സ്റ്റാൻഡേർഡ് നിബന്ധനകളും ചാർജ്ജുകളും ആണ്. ഇവയിൽനിന്നുള്ള ഏതൊരു മാറ്റവും എസ്ബിഐസിപിഎസ്എല്ലും ബന്ധപ്പെട്ട കോർപ്പറേറ്റും തമ്മിൽ ഒരു പ്രത്യേക അനുബന്ധം വഴി പരസ്പരം അംഗീകരിച്ചത് ആയിരിക്കും, അല്ലെങ്കിൽ കോർപ്പറേറ്റുമായി ഒപ്പുവച്ച കോർപ്പറേറ്റ് കാർഡ് കരാറിന്റെ ഭാഗമായിരിക്കും.

ഈ ആശയവിനിമയത്തിലെ എല്ലാ വിവരങ്ങളും 2019 ഒക്ടോബർ പ്രകാരം ശരിയാണ്, ഇത് എസ്ബിഐസിപിഎസ്എല്ലിന്റെ വിവേചനാധികാരത്തിൽ മാറ്റത്തിന് വിധേയമാണ്. എസ്ബിഐ കാർഡ് ഏറ്റവും പ്രധാനപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും www.sbicard.com -ലും ലഭ്യമാണ്

എസ്ബിഐ കാർഡ്സ് & പേയ്മെന്റ് സർവീസസ് ലിമിറ്റഡ്
പി.ഒ. ബാഗ് നമ്പർ 28, ന്യൂഡൽഹി- 110 001
ദയവായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക: www.sbicard.com

Individual Liability SI21102019